# DIOCESE OF BELTHANGADY

BISHOP'S HOUSE
BELTHANGADY

P. B. NO. 13
BELTHANGADY - 574 214
D.K., KARNATAKA, INDIA

*Ref:*

*Date* 16.07.2020

Circular No. 09/2020

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

കോവിഡ്-19 നമ്മുടെ രാജ്യത്ത് പടർന്ന്കൊണ്ടിരിക്കുകയാണല്ലോ. ദിനംപ്രതി രോഗപീഡിതരുടെ എണ്ണം വർദ്ധിക്കുന്നു. കർണ്ണാടക സംസ്ഥാനത്തിലും രോഗം കൂടിക്കൂടി വരികയാണ്! പ്രപഞ്ചകർത്താവായ ദൈവത്തിൽ ആശ്രയിക്കുക എന്നതുമാത്രമാണ് ഈ അവസരത്തിൽ നമുക്ക് ചെയ്യുവാനുള്ളത്. സർക്കാരും ആരോഗ്യ പ്രവർത്തകരും നമുക്ക് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി നാം പാലിക്കേണ്ടതുതന്നെ. എങ്കിലും ശാശ്വത പരിഹാരം ദൈവത്തിൽ നിന്നുമാത്രമേ നമുക്ക് ലഭിക്കുകയുള്ളു.

ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുക്കപ്പെട്ട പുരോഹിത ഗണമായ നമുക്ക് (1 പത്രോസ് 2 : 9) ലോകത്തിനുവേണ്ടി പ്രാത്ഥിക്കുവാൻ പ്രത്യേക കടമയും അവകാശവും ഉണ്ട്. അതുകൊണ്ട് 2020 ജുലൈ 19 മുതൽ 28 വരെ നമ്മുടെ രൂപതയിൽ പ്രത്യേകമായ പ്രാർത്ഥന നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 19 മുതൽ 27 വരെ എല്ലാ ദിവസവും ബഹുമാനപ്പെട്ട അച്ചൻമാർ സ്ഥിരതാമസമുള്ള എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയ്ക്ക് മുമ്പോ അതിനു ശേഷമോ പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും കോവിഡ് രോഗ നിവാരണത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. ആ ദിവസങ്ങളിൽ വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേന ചൊല്ലുന്ന പതിവ് നമുക്കുണ്ടല്ലോ. ഈ പ്രത്യേക നിയോഗം അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം വഴി നമുക്ക് പ്രാർത്ഥിക്കാവുന്നതാണ്. ആ 9 ദിവസങ്ങളിലും പള്ളികളിൽ ബഹു. അച്ചൻമാർ ആരാധിച്ച് പ്രാർത്ഥിക്കുമ്പോൾ ജനങ്ങൾ വീടുകളിൽ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും നൊവേന ചൊല്ലുകയും വേണം. സാധിക്കുന്നവരൊക്കെ ആ 9 ദിവസങ്ങളിലും ഈ ലക്ഷ്യത്തിനുവേണ്ടി നോമ്പ് നോക്കി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജുലൈ 24 വെള്ളിയാഴ്ച്ച നമുക്കെല്ലാവർക്കും ഉപവാസമെടുത്ത് പ്രാർത്ഥിക്കാം. അന്നേ ദിവസം രൂപത മുഴുവനും ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കണമെന്ന് അപേക്ഷിക്കുന്നു. ഒന്നുകിൽ കോവിഡ് -19 നമ്മെ വിട്ട് പോകണം; അല്ലെങ്കിൽ ഈ രോഗത്തെ പ്രതിരോധിക്കാനുള്ള മരുന്ന് കണ്ടുപിടിക്കാൻ സാധിക്കുകയും ഈ ദുർഘട സാഹചര്യം അതിജീവിക്കാൻ ശക്തി ദൈവം നമുക്ക് തരികയും വേണം. അങ്ങനെ ദൈവത്തിന്റെ തിരുവിഷ്ടം തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള അവസരം നമുക്കുണ്ടാവണം.

ജുലൈ 28ന് രാത്രി 7.30 മുതൽ 8.00 വരെ കത്തീഡ്രൽ പള്ളിയിൽ ഞാനും രൂപതാ കേന്ദ്രത്തിലുള്ളവരും ചേർന്ന് വിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും ഞാൻ പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം രൂപതാ ജനങ്ങൾക്ക് മുഴുവനുമായി നൽകുകയും ചെയ്യുന്നതാണ്. ആ സമയത്ത് എല്ലാവരും അവരവർ ആയിരിക്കുന്ന സ്ഥലത്ത് മുട്ട്കുത്തി (സാധിക്കുന്നവർ) തലകുനിച്ച് കൈകൂപ്പി ആശീർവാദം സ്വീകരിക്കുകയും ''പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ എന്ന് 3 പ്രാവശ്യം ചൊല്ലുകയും വേണം''.

''അപ്പോൾ തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോട് നിലവിളിച്ച് അപേക്ഷിച്ചു; അവിടുന്ന് അവരെ ഞെരുക്കങ്ങളിൽനിന്ന് വിടുവിച്ചു'' (സങ്കീ 107 : 8) എന്ന തിരുവചന പ്രകാരം നമുക്ക് ഈ ഞെരുക്ക കാലത്ത് കർത്താവിനോട് നിലവിളിച്ചപേക്ഷിക്കാം. അവിടുന്ന് നമ്മെ കഷ്ടതയിൽ നിന്ന് വിടുവിയ്ക്കും. കരുണാമയനായ ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ച്കൊണ്ട് നിങ്ങളെയെല്ലാവരെയും + പിതാവിന്റെയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

MAR LAWRENCE MUKKUZHY ★ TO LOVE AND TO SERVE ★ BISHOP OF BELTHANGADY

+ Lawrence

ബെൽത്തംഗഡി
16-07-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 19.7.2020ന് മുമ്പ് രുപതാംഗങ്ങൾ എല്ലാവരെയും അറിയിക്കേണ്ടതാണ്.